മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2026 ഫെബ്രുവരി 6

മനുഷ്യ-വന്യജീവി സംഘർഷം : എംജിയിൽ ദേശീയ സെമിനാർ

മഹാത്മാഗാന്ധി സർവകലാശാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജിയും (NIPST) *സംസ്ഥാന ജൈവ വൈവിധ്യ ബോർഡും സംയുക്തമായി 'ഇക്കോ-റെസ്റ്റോറേഷൻ : ദക്ഷിണ പശ്ചിമഘട്ടത്തിലെ മനുഷ്യ-വന്യജീവി സംഘർഷത്തിന് പരിഹാരം' എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു.*

ഫെബ്രുവരി 16-17 തീയതികളിൽ രാവിലെ 9 മണി മുതൽ മഹാത്മാഗാന്ധി സർവകലാശാലയിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ നടക്കുന്ന സെമിനാറിൽ പരിസ്ഥിതി പുനരുദ്ധാരണത്തിനുള്ള സുസ്ഥിര മാർഗ്ഗങ്ങൾ സംബന്ധിച്ച വിദഗ്ധ പ്രഭാഷണങ്ങൾ, സാങ്കേതിക സെഷനുകൾ, ഗവേഷണ പ്രബന്ധ അവതരണങ്ങൾ എന്നിവ നടക്കും.

രജിസ്ട്രേഷൻ ഫീസ് വിദ്യാർഥികൾക്കും ഗവേഷകവിദ്യാർത്ഥികൾക്കും 250 രൂപയും അധ്യാപകർക്ക് 1000 രൂപയുമാണ്.

താല്പര്യമുള്ളവർ മുൻകൂട്ടി പണമടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: അക്കൗണ്ട് ഹോൾഡർ: ജിഷാ എം.എസ്., കോഓർഡിനേറ്റർ, ചകജടഠ, DDF, *അക്കൗണ്ട് നമ്പർ: 67318244431, ബാങ്ക്: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,* M.G. *സർവകലാശാല ക്യാമ്പസ് ബ്രാഞ്ച്,* IFSC: SBIN*0070669. വിശദ വിവരങ്ങൾക്ക് ഫോൺ നം: 9645174637, 9446314151*

(പി.ആർ.ഒ/39/109/2026)

അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്

മറവി രോഗം ബാധിച്ചവരെയും മുതിർന്നവരെയും പരിചരിക്കുന്നതിന് പരിശീലനം നൽകുന്ന ആറു മാസത്തെ കോഴ്സിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും (ഐയുസിഡിഎസ്) ഡിമെൻഷ്യ കെയർ പാലായും സംയുക്തമായി നടത്തുന്ന കോഴ്സിൽ പ്ലസ് ടൂ അല്ലെങ്കിൽ പ്രീഡിഗ്രി യോഗ്യതയുള്ളവർക്ക് ചേരാം.

ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലുമാണ് ക്ലാസ് നടത്തുക. തിയറി ക്ലാസുകൾ ഐയുസിഡിഎസിലും പ്രായോഗിക പരിശീലനം വിവിധ കേന്ദ്രങ്ങളിലുമായിരിക്കും. വിവിധ ചികിത്സാ രീതികൾ സമന്വയിപ്പിച്ചു നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ iucds@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ-9447226779, 9288757184.

ഒരു ബാച്ചിൽ 30 പേർക്കാണ് പ്രവേശനം. സർട്ടിഫിക്കറ്റ് കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് ഡിമെൻഷ്യ കെയർ ഡിപ്ലോമ കോഴ്സിൽ ചേരാവുന്നതാണ്.

(പി.ആർ.ഒ/39/110/2026)

കോഴ്സ് മെൻറർ, കോഴ്സ് കോ-ഓർഡിനേറ്റർ : കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഡിസ്റ്റൻസ് ആൻറ് ഓൺലൈൻ എജ്യുക്കേഷൻ നടത്തുന്ന ഓൺലൈൻ എംബിഎ, ഓൺലൈൻ എംകോം പ്രോഗ്രാമുകളിൽ യഥാക്രമം കോഴ്സ് മെൻറർ, കോഴ്സ് കോഓർഡിനേറ്റർ തസ്തികകളിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനം. 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദം, യുജിസി നെറ്റ് അല്ലെങ്കിൽ പിഎച്ച്ഡി യോഗ്യതയുമുള്ളവരെയാണ് പരിഗണിക്കുന്നത്.

2026 ജനുവരി ഒന്നിന് 50 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് ലഭിക്കും. പ്രതിമാസ വേതനം 40000 രൂപ. അപേക്ഷയും അനുബന്ധ രേഖകളും വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം recruitmentada7@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അയക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ/39/111/2026)

പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബിഎസ്.സി ഇൻഫർമേഷൻ ടെക്നോളജി മോഡൽ-3 (ബിഎസ്.സി.ഐടി) സിബിസിഎസ് (പുതിയ സ്കീം- 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017

അഡ്മിഷൻ രണ്ടാം മെഴ്സി ചൻസ്) നവംബർ 2025 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 11 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈനിൽ.

(പി.ആർ.ഓ/39/112/2026)

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബയോമെഡിക്കൽ ഇൻസ്ട്രുമെൻറേഷൻ (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ഫെബ്രുവരി 23 മുതൽ നടക്കും. ഫെബ്രുവരി ഒമ്പതു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി ഫെബ്രുവരി 10 വരെയും സൂപ്പർ ഫൈനോടുകൂടി ഫെബ്രുവരി 11 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഓ/39/113/2026)

പബ്ലിക് റിലേഷൻസ് ഓഫീസർ